നമ്പർആർ 1/19444/ടിസി/2008　　ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്
തിരുവനന്തപുരം 6.03.2018

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മിഷണർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ ഡപ്പ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കും

സർ,

വിഷയം- മോട്ടോർ വാഹനവകുപ്പ്- ഓഫീസ് വരവുചെലവുകളുടെ റീകൻസിലിയെഷൻ-നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന- (1) 17-10-17 തിയതിയായി എല്ലാ ഡപ്പ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കുമായി അയച്ച ഇതേ ഫയൽ നമ്പറിലുള്ള കത്ത്

(2) 22.12.17 തിയതിയായുള്ള C1/ഭരണപരം/12/2017 എ സി എൽ നമ്പറിലുള്ള ജോയിൻട് റീജിയനൽ ഓഫീസർ ചേർത്തലയുടെ കത്ത്

സൂച്ചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.നിലവിൽ ഓൺലൈൻ ആയി BIMS മുഖേന ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനാൽ ട്രഷറി റികൻസിലിയേഷൻ നടത്താൻ ഇപ്പോൾ സംവിധാനമില്ല. ധനകാര്യ(സ്ട്രീം ലൈനിംഗ്) വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ ട്രഷറി റികൻസിലിയേഷനുള്ള മോഡ്യുൾ ട്രഷറിവെബ്സൈറ്റിൽ ഉൾപ്പെടുത്തുവാനുള്ള ഒരുക്കത്തിലാണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ഇപ്പോൾഇക്കാര്യത്തിലുള്ള ബുദ്ധിമുട്ട് ധനകാര്യവകുപ്പിന് അറിയിച്ചുകൊണ്ട് ട്രഷറിവെബ്സൈറ്റിൽ ഇതിനുള്ള മോഡ്യുൾ ഉൾപ്പെടുത്തുവാനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ അഭ്യർഥിച്ചിട്ടുണ്ട്. ഈ അവസരത്തിൽ എല്ലാ ആർ ടി ഓഫീസുകളും സബ് ആർ ടി ഓഫീസുകളും അവരവരുടെ വരവുചെലവുകണക്കുകൾ അക്കൗണ്ടൻട് ജനറലിന്റെ കണക്കുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തുവാൻ നിർദ്ദേശിക്കുന്നു.

സീനിയർ ഫിനാൻസ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മിഷണർക്കുവേണ്ടി

പകർപ്പ്:- എല്ലാ ആർ റ്റി ഒ കൾക്കും/ജോയിൻട് ആർ റ്റി ഒ മാർക്കും /എം വി ഐ ചെക്ക്പോസ്റ്റ്കൾക്കും